## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5338 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

### വിവാഹങ്ങൾക്ക് ഹരിത പ്രോട്ടോക്കോൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾക്ക് ഹരിത പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. അതേസമയം പൊതു - സ്വകാര്യ ചടങ്ങുകളെല്ലാം ഹരിത പ്രോട്ടോകോൾ പ്രകാരം നടത്തപ്പെടണമെന്ന ശുചിത്വ മിഷന്റെ ആശയ പ്രകാരം വിവാഹ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കണമെന്ന് ജില്ലാ കളക്ടർമാർ മുഖേന അഭ്യർത്ഥിച്ചു വരുന്നുണ്ട്. |
| (ബി) | പ്രകൃതി സൗഹൃദ വിവാഹങ്ങൾ എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സുരക്ഷിത മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പ്രമാണമായ "റെഡ്യൂസ്-റീയൂസ്-റീസൈക്കിൾ"-ൽ അധിഷ്ഠിതമായി എല്ലാ പൊതു-സ്വകാര്യ ചടങ്ങുകളും സംഘടിപ്പിക്കുവാൻ പ്രചോദനം നൽകപ്പെടണം. ഇതിന്റെ ഭാഗമായി വിവാഹ ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സ്റ്റീൽ, ചില്ല്, സെറാമിക്സ് പോലുള്ള കഴുകി വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ ആഹാരവും പാനീയങ്ങളും വിതരണം ചെയ്യുന്നതിന് ഉപയോഗിക്കുക, പുനരുപയോഗം, പുന:ചംക്രമണം എന്നിവക്ക് വിധേയമാക്കുവാൻ കഴിയാതെ വലിച്ചെറിയുന്ന അലങ്കാര വസ്തുക്കൾക്ക് പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് അലങ്കാര പ്രവൃത്തികൾ ചെയ്യുകയും, ആഹാരം പാഴാക്കുന്നത് പരമാവധി ഒഴിവാക്കുകയും മാലിന്യ ഉത്പാദനത്തിന്റെ തോത് കുറയ്ക്കുകയും ചെയ്യുക എന്നതാണ് പ്രകൃതി സൗഹൃദ വിവാഹങ്ങൾ എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രകൃതി സൗഹൃദമല്ലാത്ത വിവാഹങ്ങൾ എങ്ങനെ പരിശോധിച്ച് കണ്ടെത്തുമെന്നും ആയതിന് എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ